## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 310** | **07-10-2024 - ൽ മറുപടിയ്ക്ക്**

## കേരള സ്റ്റേറ്റ് ബീവറേജസ് കോപ്പറേഷനിലെ ജീവനക്കാരന്റെ ശമ്പളവും അലവൻസുകളും തടഞ്ഞുവയ്ക്കുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ (കെ.എസ്.ബി .സി) കോഴിക്കോട് വെയർഹൗസിനു കീഴിലുള്ള കെ.എസ്.ബി .സി ഔട്ട്ലറ്റ് ഷോപ്പിലെ ജീവനക്കാരനായിരുന്ന ശ്രീ.ശശികുമാർ.കെ എന്നയാൾ അദ്ദേഹത്തിന്റെ 2023 ജൂൺ മുതലുള്ള ശമ്പളവും അലവൻസുകളും ലഭ്യമാക്കാതെ തടഞ്ഞ് വച്ചതിനെ ഉടർന്ന് ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് വെയർഹൗസിനു കീഴിലുള്ള എഫ്.എൽ.01-11008 പാവമണി വിൽപ്പനശാലയിൽ ജോലി ചെയ്തിരുന്ന ശശികുമാർ.കെ (എൽ.ഡി.സി-എൻ.സി.ബി, ഐഡി.നം-10440) 07.03.2023 തീയതി മുതൽ അനധികൃതമായി ഓദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടു നിന്നതിനെത്തുടർന്ന് ടിയാന്റെ ശമ്പളവും മറ്റ് അലവൻസുകളും തടഞ്ഞുവയ്ക്കുവാൻ ഉത്തരവിട്ടിരുന്നു . കൂടാതെ വനിതാ ജീവനക്കാരോട് കയർത്തു സംസാരിക്കുകയും, ബില്ലടിയ്ക്കാതെ ഡെലിവറി കൌണ്ടർ വഴി മദ്യം നൽകി പണം അപഹരിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടിയാനെ ഡിസംബർ മാസം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. സസ്പെൻഷൻ കാലയളവിൽ ഉപജീവനബത്ത അനുവദിച്ച് നൽകിയിട്ടുണ്ട്. 23.05.2024-ന് ശശികുമാർ അന്തരിച്ചിട്ടുള്ളതാണ്.<br><br>കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സർവ്വീസ് റൂൾസ് 84, 85 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരിയാണ് ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ ഇദ്ദേഹം ജോലി ചെയ്ത കാലയളവിലെ ശമ്പളവും അലവൻസുകളും നൽകാതെ തടഞ്ഞുവച്ചതിന്റെ കാരണവും അതിന് ഉത്തരവിട്ട ഉദ്യോഗസ്ഥന്മാരുടെ പേര് വിവരങ്ങളും ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഉത്തരവിട്ടതെന്നും വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് വെയർഹൗസിനു കീഴിലുള്ള എഫ്.എൽ.01-11008 പാവമണി വിൽപ്പനശാലയിൽ ജോലി ചെയ്തിരുന്ന ശശികുമാർ.കെ (എൽ.ഡി.സി-എൻ.സി.ബി, ഐഡി.നം-10440) 07.03.2023 തീയതി മുതൽ അനധികൃതമായി ഓദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നും വിട്ടു നിന്നതിനെത്തുടർന്ന് ടിയാന്റെ ശമ്പളവും മറ്റ് അലവൻസുകളും തടഞ്ഞുവയ്ക്കുവാൻ ഉത്തരവിട്ടിരുന്നു . കൂടാതെ വനിതാ ജീവനക്കാരോട് കയർത്തു സംസാരിക്കുകയും, ബില്ലടിയ്ക്കാതെ ഡെലിവറി കൌണ്ടർ വഴി മദ്യം നൽകി പണം അപഹരിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടിയാനെ ഡിസംബർ മാസം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. സസ്പെൻഷൻ കാലയളവിൽ ഉപജീവനബത്ത അനുവദിച്ച് നൽകിയിട്ടുണ്ട്. 23.05.2024-ന് ശശികുമാർ അന്തരിച്ചിട്ടുള്ളതാണ്.<br><br>കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സർവ്വീസ് റൂൾസ് 84, 85 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരിയാണ് ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (സി) | ഇത്തരത്തിൽ കെ.എസ്. ബി.സി യിലെ മറ്റേതെങ്കിലും ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും തടഞ്ഞ് വയ്ക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരുടെ പേരും തസ്തികയും ജോലി ചെയ്യുന്ന സ്ഥലവും തടഞ്ഞു വയ്ക്കപ്പെട്ട ആനുകൂല്യങ്ങളും തടഞ്ഞ് വയ്ക്കാനുണ്ടായ കാരണവും വ്യക്തമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | സസ്പെൻഷനിലാകുന്ന ജീവനക്കാർക്ക് പോലും ഉപജീവന ബത്ത നൽകണമെന്ന വ്യവസ്ഥയുള്ളപ്പോൾ ജോലി ചെയ്തിട്ടും ശമ്പളവും അലവൻസുകളും തടഞ്ഞ് വയ്ക്കുന്നതിന് ഉത്തരവിട്ട് അധികാര ദുർവിനിയോഗം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ വിഷയത്തിൽ അധികാര ദുർവിനി യോഗം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ അച്ചടക്ക നടപടിയുടെ ഭാഗമായി സസ്പെൻഷനിലാകുന്ന ജീവനക്കാർക്ക് നിയമപ്രകാരമുള്ള ഉപജീവനബത്ത നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ